# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.01.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി ന്യൂഡൽഹിയിൽ നടക്കുന്ന ഭാരത് പർവ്ൻ്റെ സമാപന ചടങ്ങിൽ ഇന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ മുഖ്യാതിഥിയാകും.
   **Vice-President, C. P. Radhakrishnan will be the chief guest in the Closing Ceremony of Bharat Parv 2026 on this day in Delhi.**
2. ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിമാരുടെ രണ്ടാമത് യോഗം ഇന്ന് ന്യൂഡൽഹിയിൽ നടക്കും.
   **The second India-Arab Foreign Ministers' Meeting to take place in New Delhi today..**
3. 2026-27 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ ലോക്സഭയിൽ അവതരിപ്പിക്കും.
   **Union Finance Minister Nirmala Sitharaman will present the Union Budget for 2026-27 in the Lok Sabha tomorrow.**
4. വേലിയേറ്റ വെള്ളപ്പൊക്കം ദുരന്ത നിവാരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ വിജ്ഞാപനം പുറപ്പെടുവിപ്പിച്ച് കേരള സർക്കാർ.
   **Kerala government issues notification to include tidal floods under the ambit of disaster management.**
5. അംഗരാജ്യങ്ങൾ വിഹിതം അടയ്ക്കാത്തതിനാൽ ഐക്യരാഷ്ട്ര സംഘടന സാമ്പത്തിക തകർച്ചയുടെ വക്കിലെന്ന് സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്.
   **UN Secretary-General Antonio Guterres says that the United Nations is on the verge of financial collapse due to non-payment of dues by member states.**
6. ക്രിക്കറ്റ് ആവേശത്തിൽ തിരുവനന്തപുരം; ഇന്ത്യ-ന്യൂസിലാൻഡ് ടി 20 പരമ്പരയിലെ അഞ്ചാം മത്സരം ഇന്ന്

വൈകിട്ട് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ.

**India will take on New Zealand in the fifth and final T20 International at the Greenfield International Stadium in Thiruvananthapuram this evening.**

## BHARAT PARV-VP

റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി ചുവപ്പുകോട്ടയ്ക്ക് മുന്നിലുള്ള മൈതാനത്തും ഗ്യാൻപഥിലുമായി നടന്നു വരുന്ന ഭാരത് പർവ് ൻ്റെ സമാപന ചടങ്ങിൽ ഇന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ മുഖ്യാതിഥി യായി പങ്കെടുക്കും. എല്ലാ വർഷവും ജനുവരി 26 മുതൽ 31 വരെ കേന്ദ്ര ടൂറിസം മന്ത്രാലയമാണ് ഭാരത് പർവ് സംഘടിപ്പിക്കുന്നത്. ഇന്ന് ഉച്ചയ്ക്ക് 12 മണി മുതൽ രാത്രി 9 മണി വരെ പൊതുജനങ്ങൾക്ക് പരിപാടിയിൽ പങ്കെടുക്കാം. റിപ്പബ്ലിക് ദിന പരേഡിലെ നിശ്ചലദൃശ്യങ്ങൾ, സായുധ സേനാ ബാൻഡുകളുടെ പ്രകടനങ്ങൾ, വിവിധ സംസ്ഥാനങ്ങളിലെ കലാപരിപാടികൾ എന്നിവയിലൂടെ ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യങ്ങളാണ് ഭാരത് പർവ് പ്രദർശിപ്പിക്കുന്നത്.

## PM MODI-VENEZUELA

വെനസ്വേലയുടെ ആക്ടിംഗ് പ്രസിഡന്റ് ഡെൽസി റോഡ്രിഗസ് ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ടെലിഫോൺ സംഭാഷണം നടത്തി. പരസ്പര താൽപ്പര്യമുള്ള വിവിധ പ്രാദേശിക, ആഗോള വിഷയങ്ങളിൽ ഇരു നേതാക്കളും കാഴ്ചപ്പാടുകൾ കൈമാറി. വ്യാപാരം, നിക്ഷേപം, ഊർജം, ഡിജിറ്റൽ സാങ്കേതികവിദ്യ, ആരോഗ്യം, കൃഷി, എന്നിവയുൾപ്പെടെ എല്ലാ മേഖലകളിലും ഉഭയകക്ഷി പങ്കാളിത്തം കൂടുതൽ വികസിപ്പിക്കാൻ ഇരു നേതാക്കളും സമ്മതിച്ചതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

## INDIA ARAB FOREIGN MINISTERS MEET

ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിമാരുടെ രണ്ടാമത് യോഗം ഇന്ന് ന്യൂഡൽഹിയിൽ നടക്കും. ഇന്ത്യയും യുഎഇയും സംയുക്തമായി യോഗ ത്തിന് നേതൃത്വം നൽകും. അറബ് ലീഗ് അംഗരാജ്യങ്ങളുടെ വിദേശകാര്യ മന്ത്രിമാരും അറബ് ലീഗ് സെക്രട്ടറി ജനറലും യോഗത്തിൽ

പങ്കെടുക്കും. ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ആദ്യ ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിമാരുടെ യോഗമാണിത്. 22 അറബ് രാജ്യങ്ങളും ഇതിൽ പങ്കെടുക്കും. 10 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് യോഗം നടക്കുന്നത്.

## EAM-ARAB COUNETRPARTS

അറബ് ലീഗ് അംഗരാജ്യങ്ങളിൽ നിന്നുള്ള വിദേശകാര്യ മന്ത്രിമാരുമായി കേന്ദ്ര മന്ത്രി എസ്. ജയ്ശങ്കർ ഇന്നലെ ന്യൂഡൽഹിയിൽ ചർച്ച നടത്തി. ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്തുന്നതും പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ വിലയിരുത്തുന്നതുമായിരുന്നു കൂടിക്കാഴ്ചകൾ. ഇന്ന് നടക്കുന്ന രണ്ടാമത് ഇന്ത്യ-അറബ് ലീഗ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് മുന്നോടിയായാണ് ചർച്ചകൾ നടന്നത്. കൊമോറോസ്, ലിബിയ, സൊമാലിയ, പലസ്തീൻ എന്നീ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായി ഡോ. ജയശങ്കർ ചർച്ച നടത്തി.

## MOR NIRMALA-BUDGET (INTRO)

2026-27 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ ലോക്സഭയിൽ അവതരിപ്പിക്കും. ലോക്സഭയിൽ അവതരിപ്പിച്ചതിനുശേഷം, ബജറ്റിന്റെ പകർപ്പ് രാജ്യസഭയിൽ മേശപ്പുറത്ത് വയ്ക്കും.

വിശദാംശങ്ങളിലേക്ക്...

(വോയ്സ്)
2019 ൽ കേന്ദ്രധനമന്ത്രിയായി ചുമതലയേറ്റതിനുശേഷം ശ്രീമതി സീതാരാമൻ തുടർച്ചയായി അവതരിപ്പിക്കുന്ന ഒമ്പതാമത്തെ ബജറ്റാണിത്. നരേന്ദ്ര മോദി സർക്കാരിന്റെ മൂന്നാം ടേമിലെ മൂന്നാമത്തെ ബജറ്റുമാണ്. പാർലമെന്റിൽ ബജറ്റ് പ്രസംഗം പൂർത്തിയായ ശേഷം മൊബൈൽ ആപ്പിലും വെബ്സൈറ്റിലും ബജറ്റ് രേഖകൾ ലഭ്യമാകും. കേന്ദ്ര ബജറ്റ് അവതരണത്തിന് ശേഷം രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള മുപ്പതോളം കോളേജ് വിദ്യാർത്ഥികളുമായി ധനമന്ത്രി സംവദിക്കും. കോളേജ് വിദ്യാർത്ഥികൾക്ക് ലോക്സഭാ ഗാലറിയിൽ നിന്ന് കേന്ദ്ര ബജറ്റിന്റെ തത്സമയ അവതരണം കാണാനുള്ള അവസരം ലഭിക്കും. ബജറ്റ് തയ്യാറാക്കുന്നതിനു മുമ്പ്, സാമ്പത്തിക വിദഗ്ധർ, ട്രേഡ് യൂണിയനുകൾ, വിദ്യാഭ്യാസം, ആരോഗ്യ മേഖല, എംഎസ്എംഇ, വ്യാപാര, സേവനങ്ങൾ, വ്യവസായം, സാമ്പത്തിക

വിദഗ്ധർ, എന്നിവയിൽ നിന്നുള്ള വിദഗ്ധരും പ്രതിനിധികളുമായി ധനമന്ത്രി ബജറ്റിന് മുമ്പുള്ള കൂടിയാലോചന നടത്തിയിരുന്നു. യുവാക്കൾ ഉൾപ്പെടെയുള്ള പൗരന്മാരിൽ നിന്ന് വിവിധ പ്ലാറ്റ്ഫോമുകളിലൂടെ വിവിധ നിർദ്ദേശങ്ങൾ തേടിയിട്ടുണ്ട്, ഇത് വരാനിരിക്കുന്ന 2026-27 ലെ കേന്ദ്ര ബജറ്റിൽ പ്രതിഫലിക്കും.

ന്യൂസ് ഡസ്ക് ആകാശവാണി...

## PIB FACT CHECK-BUDGET

2026-27 ലെ കേന്ദ്ര ബജറ്റിന്റെ സ്കാൻ ചെയ്ത പകർപ്പ് ഒരു മെസഞ്ചർ ആപ്പിൽ ചോർന്നതായി സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന സന്ദേശം വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. സന്ദേശം വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ യുടെ ഫാക്ട്ചെക്ക് വിഭാഗം അറിയിച്ചു. പ്രചരിക്കുന്ന ചിത്രങ്ങളി ലൊന്ന് 2025-26 ലെ കേന്ദ്ര ബജറ്റിന്റേതാണെന്നും അത് ഡിജിറ്റലായി എഡിറ്റ് ചെയ്തതാണെന്നും പി ഐ ബി അറിയിച്ചു.

## MoS SURESHGOPI

ദക്ഷിണ ഭാരതത്തിൻ്റെ തലസ്ഥാനമായി കേരളം മാറുമെന്നും അധ്യാത്മിക ശക്തിയാണ് അതിൻ്റെ പ്രധാന കാരണമെന്നും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. മലപ്പുറത്ത് തവനൂർ മാഘമക മഹോത്സവത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തീർത്ഥാടന ടൂറിസത്തി ൻ്റെ സാധ്യത പരിഗണിച്ചുള്ള പദ്ധതി തയ്യാറാക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും ശ്രീ സുരേഷ്ഗോപി വ്യക്തമാക്കി.

## TIDAL FLOODING KERALA

വേലിയേറ്റ വെള്ളപ്പൊക്കം ദുരന്ത നിവാരണത്തിന്റെ പരിധിയിൽ ഉൾപ്പെടു ത്താൻ വിജ്ഞാപനം പുറപ്പെടുവിപ്പിച്ച് കേരള സർക്കാർ. വേലിയേറ്റ വെള്ളപ്പൊക്കത്തെ തുടർന്നുള്ള കെടുതികൾ സംസ്ഥാന സവിശേഷ ദുരന്തമായി കണക്കാക്കി ധന സഹായം നൽകാനുള്ളതാണ് ഉത്തരവ്. ഉയർന്ന വേലിയേറ്റം കാരണം സമുദ്ര നിരപ്പ് ഉയരുകയും പുഴകൾ,

കായലുകൾ, തോടുകൾ എന്നിവ വഴി ജനവാസ മേഖലകളിലേക്ക് ഉപ്പു വെള്ളം കയറുകയും ചെയ്യുന്നത് തീരദേശത്തോട് അടുത്ത താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരെ വലിയ തോതിലാണ് ബാധിക്കുന്നത്. എറണാകുളം ജില്ലയിലെ 22 തീരദേശ പഞ്ചായത്തുകളിലും തൃശൂർ, ആലപ്പുഴ ജില്ലകളിലെ പല ഭാഗങ്ങളിലും വേലിയേറ്റ വെള്ളപ്പൊക്കം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

## CEO-SIR

കേരളത്തിൽ SIR ന്റെ ഭാഗമായുള്ള കരടു വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി ഇന്നലെ അവസാനിച്ചെങ്കിലും പൊതുജനങ്ങൾക്ക് തുടർന്നും അപേക്ഷകൾ സമർപ്പിക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ. എന്നാൽ ഇതുവരെ ലഭിച്ച അംഗീകരിക്കപ്പെട്ട അപേക്ഷകൾ ഉൾപ്പെടുത്തി ഫെബ്രുവരി 21-ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും. പിന്നീട് വരുന്ന അപേക്ഷകൾ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രമേ തീർപ്പാക്കുകയുള്ളൂവെന്നും അദ്ദേഹം വ്യക്തമാക്കി.

## COMPLETE SIR PROCESS

പശ്ചിമ ബംഗാളിലെ എല്ലാ ജില്ലകളിലും SIR നടപടിക്രമങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർ പട്ടിക പുതുക്കുന്നതുമായി ബന്ധപ്പെട്ട നോട്ടീസുകൾ അയക്കുന്നതും, പരാതികളിന്മേൽ ഹിയറിംഗ് നടത്തുന്നതും, രേഖകൾ അപ്ലോഡ് ചെയ്യുന്നതും ഉൾപ്പെടെയുള്ള നടപടികൾ ഉടനടി പൂർത്തിയാക്കണമെന്ന് കമ്മീഷൻ നിർദേശം നൽകി.

## PM-PRAGATI SPECIAL STORY (INTRO)

ഭരണ സജീവതയും, സമയബന്ധിതമായ പദ്ധതി നടപ്പാക്കലും ലക്ഷ്യമിട്ട് പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രഗതി സംരംഭം 50 യോഗങ്ങൾ വിജയകരമായി പൂർത്തിയാക്കി. സുപ്രധാന അടിസ്ഥാന സൗകര്യ പദ്ധതികളുമായി ബന്ധപ്പെട്ട തടസ്സങ്ങളും, പരാതികളും തത്സമയം നിരീക്ഷിച്ച്

പരിഹാരം കണ്ടെത്തുന്നതിൽ പ്രഗതി പോർട്ടൽ നിർണായക പങ്ക് വഹിക്കുന്നു.

വിശദാംശങ്ങളിലേക്ക്----

രാജ്യത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ അടിത്തറയുടെ കരുത്തുറ്റ സ്തംഭങ്ങളിൽ ഒന്നാണ് ഇന്ത്യൻ റെയിൽവേ. ലോകത്തിലെ ഏറ്റവും വലിയ റെയിൽവേ ശൃംഖലകളിലൊന്നായ ഇന്ത്യൻ റെയിൽവേ, ചരക്ക് നീക്കത്തിലും പ്രാദേശിക കണക്റ്റിവിറ്റിയിലും നിർണ്ണായക പങ്ക് വഹിക്കുന്നു. അതിവേഗ റെയിൽ ഇടനാഴികൾ, പുതിയ റെയിൽ പാതകൾ, റെയിൽവേ സ്റ്റേഷൻ വികസന പദ്ധതികൾ ഉൾപ്പെടെ 97 ഉന്നതതല പദ്ധതികൾ പ്രധാനമന്ത്രി നേരിട്ട് പ്രഗതിയിലൂടെ വിലയിരുത്തിയിട്ടുണ്ട്. കശ്മീർ താഴ്വരയെ ബന്ധിപ്പിക്കുന്ന ചെനാബ് അഞ്ചി പാലങ്ങൾ ഉൾപ്പെടുന്ന ഉധംപൂർ-ശ്രീനഗർ-രാമുള്ള ലിങ്ക്, വടക്കുകിഴക്കൻ മേഖലയിലെ ബൈരബി-സൈരാംഗ് ലൈൻ, തമിഴ്നാട്ടിലെ പാമ്പനിലുള്ള ഇന്ത്യയിലെ ആദ്യത്തെ വെർട്ടിക്കൽ ലിഫ്റ്റ് സീ ബ്രിഡ്ജ് തുടങ്ങി അതീവ സങ്കീർണ്ണമായ പദ്ധതികൾ ഇന്ത്യൻ റെയിൽവേ വിജയകരമായി പൂർത്തിയാക്കി.
ന്യൂസ് ഡസ്ക്, ആകാശവാണി

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## UN-FINANCIAL COLLAPSE

അംഗരാജ്യങ്ങൾ വിഹിതം അടയ്ക്കാത്തതിനാൽ ഐക്യരാഷ്ട്ര സംഘടന സാമ്പത്തിക തകർച്ചയുടെ വക്കിലാണെന്ന് സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. അംഗരാജ്യങ്ങൾക്ക് അയച്ച കത്തിലാണ് അദ്ദേഹം ആശങ്ക പങ്കുവച്ചത്. യുഎന്നിന്റെ പതിവ് പ്രവർത്തനങ്ങൾക്ക് ജൂലൈ മാസത്തോടെ പണം ഇല്ലാതാകുമെന്ന് ഗുട്ടെറസ് പറഞ്ഞു. യുഎന്നിലേക്ക് ഏറ്റവും വലിയ സംഭാവന നൽകുന്ന രാജ്യമായ അമേരിക്ക കുടിശ്ശിക അടയ്ക്കാത്തതിനാലാണ് പ്രതിസന്ധി രൂക്ഷമായത്. നിലവിൽ 219 കോടി ഡോളർ യുഎസ് അടയ്ക്കാനുണ്ട്. 2025 അവസാനിച്ചപ്പോൾ യുഎൻ ബാധ്യത 156 കോടി ഡോളറായി ഉയർന്നു. 345 കോടി ഡോളറിന്റെ ബജറ്റ് കഴിഞ്ഞ ഡിസംബറിൽ ഏകകണ്ഠമായി അംഗീകരിച്ചിരുന്നു. വിഹിതം അടയ്ക്കുന്നത് ഗണ്യമായി മെച്ചപ്പെട്ടില്ലെങ്കിൽ ഇതു നിറവേറ്റാൻ കഴിയില്ലെന്ന് ഗുട്ടെറസ് കത്തിൽ ചൂണ്ടിക്കാട്ടി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

ടി-**20**

ഇന്ത്യ- ന്യൂസിലാൻഡ് ടി 20 പരമ്പരയിലെ അഞ്ചാം മത്സരം ഇന്ന് തിരുവനന്തപുരത്ത് നടക്കും. വൈകുന്നേരം 7 മണിക്ക് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് പോരാട്ടം. മലയാളി താരം സഞ്ജു സാംസൺ ഇറങ്ങുന്നതിന്റെ ആവേശത്തിലാണ് കാര്യവട്ടത്തെത്തുന്ന ആരാധകർ. മൽസരത്തിന്റെ പശ്ചാത്തലത്തിൽ നഗരത്തിൽ സുരക്ഷാ സന്നാഹങ്ങൾ ശക്തമാക്കി. ഉച്ചയ്ക്ക് 02.00 മണി മുതൽ രാത്രി 12.00 മണി വരെ നഗരത്തിൽ ഗതാഗതക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

## NT. CRICKET - WPL RESULT

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്നലെ രാത്രി നടന്ന മത്സരത്തിൽ ഗുജറാത്ത് ജയന്റ്സ്, മുംബൈ ഇന്ത്യൻസിനെ 11 റൺസിന് പരാജയ പ്പെടുത്തി. ഗുജറാത്ത് മുന്നോട്ടുവച്ച 168 റൺസ് വിജയലക്ഷ്യം പിന്തുടർന്ന മുംബൈ ഇന്ത്യൻസ് നിശ്ചിത 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 156 റൺസെടുത്തു. 48 പന്തിൽ നിന്ന് 82 റൺസ് നേടിയ ഹർമൻപ്രീത് കൗർ ആണ് മുംബൈ ഇന്ത്യൻസിന്റെ ടോപ് സ്കോറർ. ടൂർണമെന്റിൽ ഇന്ന് മത്സരമില്ല.

## BADMINTON

ബാഡ്മിന്റണിൽ, തായ്ലൻഡ് മാസ്റ്റേഴ്സ് സൂപ്പർ 300 ടൂർണമെന്റിൽ ഇന്ത്യയുടെ ദേവിക സിഹാഗ് സെമിഫൈനലിൽ. ക്വാർട്ടറിൽ തായ്‌ലന്റിന്റെ സുപാനിഡ കതേത്തോങ്ങിനെ പരാജയപ്പെടുത്തിയാണ് ദേവികയുടെ സെമി പ്രവേശം. ഇന്ന് നടക്കുന്ന സെമിഫൈനലിൽ ദേവിക, ചൈനീസ് തായ്പേയി താരത്തെ നേരിടും.